പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1000 | 13-06-2013 - ൽ മറുപടിക്ക് |
|---|---|

**ആലപ്പുഴയിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ വടക്കൻ മേഖലയിലുള്ള സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഏതെല്ലാം സ്ക്കൂളുകളിൽ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്; പ്രസ്തുത പ്രദേശത്തെ നിരവധി പാവപ്പെട്ട കുട്ടികൾ ആശ്രയിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഇത് എന്നതിനാൽ കൂടുതൽ വൊക്കേഷണൽ സ്ക്കൂളുകളിൽ ഈ കോഴ്സ് ആരംഭിക്കണമെന്നകാര്യം പരിഗണിക്കുമോ; | (എ) യും (ബി) യും | ആലപ്പുഴ ജില്ലയിൽ വടക്കൻ മേഖലയിലുള്ള സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പഠിപ്പിക്കുന്ന സ്കൂളുകൾ ഇല്ല. പുതിയ വൊക്കേഷണൽ സ്കൂളുകളോ കോഴ്സുകളോ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പ്രദേശത്തെ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നവിധം അർത്തുങ്കലിലും, പട്ടണക്കാട്ടുമുള്ള സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ